(ബി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകളും സൗജന്യങ്ങളും നഷ്ടപ്പെടുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യത ഒഴിവാക്കാൻ ബോർഡ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉൽപ്പാദന മേഖലയിലും വിതരണ രംഗത്തും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കേന്ദ്ര നിയമമായ ഇലക്ട്രിസിറ്റി ആക്ട് 2003, സംസ്ഥാനത്ത് 2003 ഡിസംബർ 10-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു.

(ബി) 1. ഓരോ ഡിസ്ട്രിബ്യൂഷൻ റീജണിലും കൺസ്യൂമേഴ്സ് ഗ്രീവൻസ് റിഡ്രസൽ ഫോറം (CGRF) സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു.

2. വൈദ്യുതി വിതരണ നിബന്ധനകൾ പുതുക്കി സംസ്ഥാന റഗുലേറ്ററി കമ്മീഷനിൽ നിന്നും അംഗീകാരം വാങ്ങി.

3. 2003-ലെ വൈദ്യുതി നിയമം അനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ARR, ERC ഇവ രണ്ടും കമ്മീഷന് സമർപ്പിച്ച് അംഗീകാരം വാങ്ങി.

(സി) ആക്ട് നടപ്പിലാക്കുന്നതോടുകൂടി ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകളും സൗജന്യങ്ങളും നഷ്ടപ്പെടുന്നില്ല.

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉൽപ്പാദനമേഖലയിലും വിതരണ രംഗത്തും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തം 1991 മുതൽ തന്നെ അനുവദിച്ചിരുന്നു.

കായംകുളം താപവൈദ്യുതി നിലയവും കരാറുകളും

19 [*58] ശ്രീ. കെ. സുധാകരൻ:

" പി. ജെ. ജോയി:

" വി. ഡി. സതീശൻ:

" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച കരാറുണ്ടാക്കിയത് ഏത് മന്ത്രിസഭയുടെ കാലത്തായിരുന്നു; അന്നത്തെ വൈദ്യുതി മന്ത്രി ആരായിരുന്നു; യൂണിറ്റിന് എന്ത് വിലവെച്ചാണ് ഈ വൈദ്യുതി വാങ്ങിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത താപനിലയത്തിലെ മുഴുവൻ വൈദ്യുതിയും ഈ വിലയ്ക്ക് വാങ്ങാമെന്നേറ്റിരുന്നുവോ; അതനുസരിച്ച് മുഴുവൻ വൈദ്യുതിയും വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്;

(സി) മുഴുവൻ വൈദ്യുതിയും വാങ്ങിയില്ലെങ്കിൽ എന്ത് തുകയാണ് പ്രതിമാസം നഷ്ടപരിഹാരമായി കൊടുക്കേണ്ടിയിരുന്നത്; ഇതുവരെ എന്ത് തുക നഷ്ടപരിഹാരം നൽകി എന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കരാറുണ്ടാക്കിയത് 6-1-1995-ൽ ശ്രീ. കെ. കരുണാകരൻ മന്ത്രിസഭയുടെ കാലത്താണ്. അന്നത്തെ വൈദ്യുതി മന്ത്രി ശ്രീ. സി. വി. പത്മരാജൻ ആയിരുന്നു. ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി വില കണക്കാക്കണമെന്നാണ് കരാറിൽ പറഞ്ഞിട്ടുള്ളത്. 1999-ൽ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചതു മുതലുള്ള യൂണിറ്റ് വില താഴെ കൊടുക്കുന്നു:

വർഷം	രൂപ
1999-00	4.32
2000-01	4.22
2001-02	4.38
2002-03	3.85
2003-04	4.21

(ബി) പ്രസ്തുത താപനിലയത്തിന്റെ നിർമ്മാണ ചെലവ്, ലാഭവിഹിതം, തേയ്മാന ചെലവ്, അറ്റകുറ്റപണികൾക്കുള്ള ചെലവ്, കടത്തിനുള്ള പലിശ, വിദേശനാണ്യവിനിമയ നിരക്കിലുള്ള വ്യതിയാനം ഇവയെല്ലാം കണക്കിലെടുത്തു കൊണ്ടുള്ള ഫിക്സഡ് ചാർജും ഇന്ധനവിലയ്ക്കനുസരിച്ചുള്ള വേരിയബിൾ ചാർജും നൽകി വാങ്ങാമെന്നാണ് കരാർ വ്യവസ്ഥ. ഇതനുസരിച്ച് മുഴുവൻ ഫിക്സഡ് ചാർജും ഉപയോഗിക്കുന്ന വൈദ്യുതിക്കനുസരിച്ചുള്ള വേരിയബിൾ ചാർജും നൽകി വൈദ്യുതി വാങ്ങേണ്ടതുണ്ട്. ആവശ്യാനുസരണം വാങ്ങാമെന്നാണ് കരാർ വ്യവസ്ഥ. ആയതിനാൽ മുഴുവൻ വൈദ്യുതിയും വാങ്ങിയിട്ടില്ല.

(സി) നഷ്ടപരിഹാരം നൽകേണ്ടതില്ല. എന്നാൽ വൈദ്യുതി വാങ്ങിയാലും ഇല്ലെങ്കിലും ഫിക്സഡ് ചാർജ് ആയി പ്രതിമാസം 21.65 കോടി രൂപ നൽകിവരുന്നുണ്ട്. ഇതിൽ തമിഴ്നാടിന് 150 മെഗാവാട്ട് താൽക്കാടിസ്ഥാനത്തിൽ നൽകുന്നതുകൊണ്ട് ഫിക്സഡ് ചാർജിന്റെ പകുതി തുക ഇപ്പോൾ തമിഴ്നാട് വഹിക്കുന്നുണ്ട്. ഇതുവരെ ഉദ്ദേശം 1182 കോടി രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly